**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 462** **09-08-2023 - ൽ മറുപടിയ്ക്ക്**

**കല്ലാശ്ശേരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴിക്കോട് മണ്ഡലത്തിലെ കല്ലാശ്ശേരിക്കടവ് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന കല്ലാശ്ശേരിക്കടവ് പാലം കൂത്ത്പറമ്പ് മണ്ഡലത്തിലാണ്. കല്ലാശ്ശേരിക്കടവ് പാലം എന്നാണ് ചോദ്യത്തിൽ ഉള്ളതെങ്കിലും അഴീക്കോട് മണ്ഡലത്തിലുള്ളത് കല്ലൂരിക്കടവ് പാലമായതിനാൽ അതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>അഴീക്കോട് മണ്ഡലത്തിലുൾപ്പെട്ട കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് 10/07/2017-ലെ GO (Rt) No. 942//20017/PWD ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br><br>പദ്ധതി നിർവ്വഹണ ഏജൻസിയായ (SPV) KRFB 07/01/2022-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്ന DPR, കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് 09/02/2022-ന് SPV-ക്ക് നൽകിയിരുന്നു. ഇതിന് SPV സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 24/06/2022-ന് നിരീക്ഷണക്കുറിപ്പും നൽകിയിരുന്നു. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡിനായി പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിയ അലൈൻമെന്റിൽ ബഹു. എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ കുറച്ച് മാറ്റങ്ങൾ നിർദ്ദേശിച്ചതിൻ പ്രകാരം പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത അലൈന്മെന്റിൽ ജ്യാമിതീയ തിരുത്തലുകൾ ആവശ്യമായതിനാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ 30/06/2023-ന് സൈറ്റ് വിസിറ്റ് നടത്തുകയും സൈറ്റ് വിസിറ്റിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് സമർപ്പിക്കാൻ SPV-യോട് നിർദ്ദേശിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പുതുക്കിയ അലൈൻമെന്റും, നിരീക്ഷണക്കുറിപ്പിലെ നിർദ്ദേശ പ്രകാരമുള്ള വിവരങ്ങളും SPV സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി സാമ്പത്തികാനുമതിയ്ക്കായി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡുൾപ്പെടെയുള്ള ഡ്രോയിംഗ് പൂർത്തിയായിട്ടുണ്ടോ; | (ബി) | **ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന കല്ലാശ്ശേരിക്കടവ് പാലം കൂത്ത്പറമ്പ് മണ്ഡലത്തിലാണ്. കല്ലാശ്ശേരിക്കടവ് പാലം എന്നാണ് ചോദ്യത്തിൽ ഉള്ളതെങ്കിലും അഴീക്കോട് മണ്ഡലത്തിലുള്ളത് കല്ലൂരിക്കടവ് പാലമായതിനാൽ അതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.**<br><br>അഴീക്കോട് മണ്ഡലത്തിലുൾപ്പെട്ട കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് 10/07/2017-ലെ GO (Rt) No. 942//20017/PWD ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br><br>പദ്ധതി നിർവ്വഹണ ഏജൻസിയായ (SPV) KRFB 07/01/2022-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്ന DPR, കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് 09/02/2022-ന് SPV-ക്ക് നൽകിയിരുന്നു. ഇതിന് SPV സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 24/06/2022-ന് നിരീക്ഷണക്കുറിപ്പും നൽകിയിരുന്നു. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡിനായി പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിയ അലൈൻമെന്റിൽ ബഹു. എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ കുറച്ച് മാറ്റങ്ങൾ നിർദ്ദേശിച്ചതിൻ പ്രകാരം പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത അലൈമെന്റിൽ ജ്യാമിതീയ തിരുത്തലുകൾ ആവശ്യമായതിനാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ 30/06/2023-ന് സൈറ്റ് വിസിറ്റ് നടത്തുകയും സൈറ്റ് വിസിറ്റിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കാൻ SPV-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പുതുക്കിയ അലൈൻമെന്റും, നിരീക്ഷണക്കുറിപ്പിലെ നിർദ്ദേശ പ്രകാരമുള്ള വിവരങ്ങളും SPV സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി സാമ്പത്തികാനുമതിയ്ക്കായി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പാലത്തിന്റെ ഫൈനൽ ഡ്രോയിംഗ് കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നിർദേശം ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | **ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന കല്ലാശ്ശേരിക്കടവ് പാലം കൂത്ത്പറമ്പ് മണ്ഡലത്തിലാണ്. കല്ലാശ്ശേരിക്കടവ് പാലം എന്നാണ് ചോദ്യത്തിൽ ഉള്ളതെങ്കിലും അഴീക്കോട് മണ്ഡലത്തിലുള്ളത് കല്ലൂരിക്കടവ് പാലമായതിനാൽ അതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.**<br><br>അഴീക്കോട് മണ്ഡലത്തിലുൾപ്പെട്ട കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് 10/07/2017-ലെ GO (Rt) No. 942//20017/PWD ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br><br>പദ്ധതി നിർവ്വഹണ ഏജൻസിയായ (SPV) KRFB 07/01/2022-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്ന DPR, കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് 09/02/2022-ന് SPV-ക്ക് നൽകിയിരുന്നു. ഇതിന് SPV സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 24/06/2022-ന് നിരീക്ഷണക്കുറിപ്പും നൽകിയിരുന്നു. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡിനായി പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിയ അലൈൻമെന്റിൽ ബഹു. എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ കുറച്ച് മാറ്റങ്ങൾ നിർദ്ദേശിച്ചതിൻ പ്രകാരം പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത അലൈൻമെന്റിൽ ജ്യാമിതീയ തിരുത്തലുകൾ ആവശ്യമായതിനാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ 30/06/2023-ന് സൈറ്റ് വിസിറ്റ് നടത്തുകയും സൈറ്റ് വിസിറ്റിലെ നിരീക്ഷണങ്ങളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് സമർപ്പിക്കാൻ SPV-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് SPV കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പുതുക്കിയ അലൈൻമെന്റും, നിരീക്ഷണക്കുറിപ്പിലെ നിർദ്ദേശ പ്രകാരമുള്ള വിവരങ്ങളും SPV സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി സാമ്പത്തികാനുമതിയ്ക്കായി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ